## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 64 04.02.2013 -ൽ മറുപടിക്ക്

## സേവനാവകാശ നിയമം നടപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. റ്റി.യു. കുരുവിള**<br>**ശ്രീ. സി.എഫ്. തോമസ്**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം നടപ്പാക്കാത്ത സാഹചര്യത്തിൽ സെക്രട്ടേറിയറ്റിലെ ജീവനക്കാർ പാലിക്കേണ്ട ഓഫീസ് അച്ചടക്കങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?<br><br>(ബി) സെക്രട്ടേറിയറ്റിലേതുൾപ്പെടെ സർക്കാർ ജീവനക്കാർ ജോലി സമയത്ത് സീറ്റിലുണ്ടോയെന്ന് ഉറപ്പാക്കാനും തപാലുകളും ഫയലുകളും നിശ്ചിത സമയത്തിനകം ഓരോ സീറ്റിൽ നിന്നും നീങ്ങുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; പ്രസ്തുത സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | (എ) & (ബി) സേവനാവകാശ നിയമം നടപ്പാക്കുന്നതിൽ നിന്നും സെക്രട്ടേറിയറ്റിനെ ഒഴിവാക്കിയിട്ടില്ല. കേരള സംസ്ഥാന സേവനാവകാശ നിയമം സെക്ഷൻ (3) അനുസരിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകൾ / സ്ഥാപനങ്ങൾ/ സ്റ്റാറ്റ്യൂട്ടറി ബോഡികൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ, സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം പ്രസ്തുത വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ഓഫീസ് അച്ചടക്കങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ജീവനക്കാർ ജോലി സമയത്ത് ഹാജരുണ്ടാകണമെന്ന് 14.05.2008-ലെ 6166/എ.ആർ.13(2)/08/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലേതുൾപ്പെടെ സർക്കാർ ജീവനക്കാർ ജോലി സമയത്ത് |

സീറ്റിലുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി മൂവ്മെന്റ് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും, തപാലുകളും ഫയലുകളും നിശ്ചിത സമയത്തിനകം ഓരോ സീറ്റിൽ നിന്നും നീങ്ങുന്നു എന്നും ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട മാന്വലുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഫയലുകളും തപാലുകളും നിശ്ചിത സമയത്ത് നീങ്ങുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ട്.

സെക്ഷൻ ഓഫീസർ.